"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജൈവ മാലിന്യ സംസ്കരണത്തിന് ഇനോക്കുലം വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.990/2025/LSGD തീയതി,തിരുവനന്തപുരം, 19-04-2025

---

പരാമർശം:- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.02.2025-ലെ SM/1003/2024-C4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജൈവമാലിന്യ സംസ്കരണത്തിന് ഇനോക്കുലം വിതരണം ചെയ്യുന്നത് സംബന്ധിച്ച കരട് മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശത്തിലെ കത്തിലൂടെ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജൈവമാലിന്യ സംസ്കരണത്തിന് ഇനോക്കുലം വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രകാരം, അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും.
(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഐ.&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 20-04-2025 12:06:35
സെക്ഷൻ ഓഫീസർ

## ജൈവ മാലിന്യ സംസ്കരണത്തിന് ഇനോക്കുലം വിതരണം ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

1. ആമുഖം

ജൈവ മാലിന്യത്തെ വിഘടനം ചെയ്ത് സംസ്കരിക്കുന്നതിനായി ഉപയോഗിക്കുന്ന കമ്പോസ്റ്റിംഗ് പ്രക്രിയയെ ത്വരിതപ്പെടുത്തുന്നതിനായിട്ടാണ് ഇനോക്കുലം ഉപയോഗിച്ച് വരുന്നത്. ഇനോകുലത്തിൽ അടങ്ങിയിട്ടുള്ള ബാക്ടീരിയകൾ മാലിന്യത്തെ വിഘടിപ്പിക്കുന്നതിനും, ജൈവ മാലിന്യത്തിൽ അടങ്ങിയിട്ടുള്ള അധിക ജലാംശത്തെ ആഗിരണം ചെയ്യുന്നതിനും കയർപിത്ത് അടങ്ങിയ ഇനോക്കുലം സഹായിക്കുന്നു.

വീടുകളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന കമ്പോസ്റ്റിംഗ് ഉപാധികൾക്കും, തുമ്പൂർമൂഴി, വിൻഡ്രോ പോലുള്ള കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് സംവിധാനങ്ങളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും ഇനോക്കുലം ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ ഉപയോഗിക്കപ്പെടുന്ന ഇനോക്കുലത്തിന്റെ ഗുണനിലവാരം, ലഭ്യത എന്നിവ ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

### A. ഗുണനിലവാരമുള്ള ഇനോകുലം ഉത്പ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണം

1. സർക്കാർ അക്രഡിറ്റഡ് ഏജൻസികളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഇനോക്കുലം വിതരണത്തിന് താല്പര്യപ്പെടുന്ന മറ്റ് സ്ഥാപനങ്ങളും ശുചിത്വ മിഷൻ മുഖേന എംപാനൽ ചെയ്യപ്പെടേണ്ടതാണ്.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇനോക്കുലം ശുചിത്വ മിഷൻ എംപാനൽഡ് ഏജൻസികൾ/ഹരിത കർമ്മസേന/കുടുംബശ്രീ സംരംഭ ഗ്രൂപ്പുകൾ എന്നിവരിൽ നിന്ന് മാത്രമേ വാങ്ങുവാൻ പാടുള്ളു.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഇനോക്കുലം എംപാനൽഡ് ഏജൻസികളിൽ നിന്നും നേരിട്ട് വാങ്ങുന്നപക്ഷം, ടെണ്ടർ മുഖേന മാത്രമേ വാങ്ങി ഉപയോഗിക്കാവാൻ പാടുള്ളൂ.

4. ഹരിത കർമ്മസേന/കുടുംബശ്രീ സംരംഭ ഗ്രൂപ്പുകൾ ഇനോക്കുലം വിതരണം ചെയ്യുന്നതിനായി എംപാനൽഡ് ഏജൻസികളിൽ നിന്നും നേരിട്ട് വാങ്ങി ഉപഭോക്താക്കളുടെ ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്.

5. ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുകയിൽ നിന്നും ഏജൻസികൾക്കുള്ള തുകയും വാതിൽപ്പടി വിതരണത്തിനായി ചെലവാകുന്ന തുകയും കിഴിച്ചുള്ള തുക ഹരിത കർമ്മസേന/കുടുംബശ്രീ സംരംഭ ഗ്രൂപ്പുകളുടെ ലാഭവിഹിതമായി കണക്കാക്കാവുന്നതാണ്.

6. ഉപഭോക്താക്കൾക്ക് വാതിൽപ്പടിസേവനത്തിനൊപ്പം ഹരിത കർമ്മസേന മുഖാന്തിരവും, കുടുംബശ്രീ സംരംഭ ഗ്രൂപ്പുകൾ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ, കൃഷിഭവൻ എന്നിവിടങ്ങളിലൂടെയും ഇനോക്കുലം വിൽപ്പന നടത്തുന്നതിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്താവുന്നതാണ്.

7. ഏജൻസികളിൽ നിന്നും വാങ്ങുന്ന ഇനോക്കുലം സുരക്ഷിതമായി സംഭരിക്കുന്നതിനാവശ്യമായ ക്രമീകരണം വാങ്ങുന്ന എജൻസികൾ തന്നെ സ്വീകരിക്കേണ്ടതാണ്.

8. ഹരിത കർമ്മസേന/കുടുംബശ്രീ സംരംഭ ഗ്രൂപ്പുകൾ, ഏജൻസികളിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്ന ഇനോക്കുലവുമായി ബന്ധപ്പെട്ട ലോഗ് ബുക്ക് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

B. **വിവിധ ഏജൻസികളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും**

**I. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിൽ ഉള്ള കമ്മ്യൂണിറ്റിതല-കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായി വരുന്ന ഇനോക്കുലത്തിന്റെ അളവ് നിശ്ചയിക്കണം.

2. തെരഞ്ഞെടുത്ത ഏജൻസികൾക്ക്/ഹരിത കർമ്മസേന/കുടുംബശ്രീ സംരംഭ ഗ്രൂപ്പുകൾക്ക് ആവശ്യമായ ഇനോക്കുലത്തിന്റെ സപ്ലൈ ഓർഡർ നൽകണം.

3. ഹരിത കർമ്മ സേന, കുടുംബശ്രീ സംരംഭ ഗ്രൂപ്പുകൾ എന്നിവർ മുഖേനയാണ് വിതരണം നടത്തുന്നതെങ്കിൽ ഉത്പാദക സ്ഥാപനവും വിതരണ ഏജൻസിയും തദ്ദേശസ്വയംഭരണ സ്ഥാപനവും ഉൾപ്പെടുന്ന തൃകക്ഷി കരാറിൽ ഏർപ്പെടണം. ഡിമാന്റ് അനുസരിച്ച് എത്ര അളവ് വിതരണം ചെയ്യണമെന്നുള്ളതും, ഹരിതകർമ സേന അല്ലെങ്കിൽ കുടുംബശ്രീ വിതരണം ചെയ്യുന്നു എന്നതും ഉറപ്പ് വരുത്തണം.

4. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി വാങ്ങുന്ന ഇനോക്കുലത്തിന്റെ വില തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും കാലതാമസം കൂടാതെ വിതരണം ചെയ്യുവർക്ക് നൽകണം.

**II. ശുചിത്വ മിഷൻ**

1. ഇനോക്കുലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് അംഗീകൃത ലബോറട്ടറികളിൽ നിന്നുള്ള പെർഫോമൻസ് ഇവാലുവേഷൻ റിപ്പോർട്ട്, പ്രതിദിന ഇനോക്കുലം നിർമ്മാണ ശേഷി എന്നിവ വിലയിരുത്തി ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല സാങ്കേതിക സമിതി മുഖാന്തിരം ഇനോക്കുലം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള സ്ഥാപനങ്ങളെ എംപാനൽ ചെയ്യേണ്ടതാണ്.

2. അംഗീകൃത ഏജൻസികൾ നേരിട്ട് വിതരണം ചെയ്യുന്ന ഇനോക്കുലത്തിന്റെ ഗുണനിലവാരം ശുചിത്വ മിഷൻ റാൻഡം പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതാണ്.

3. എംപാനൽഡ് ഏജൻസികൾ ഉല്പാദിപ്പിക്കുന്ന ഇനോക്കുലത്തിന്റെ ഗുണനിലവാരം, ലഭ്യത എന്നിവ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ഉപഭോക്താക്കൾ/ഹരിത കർമ്മസേന/ കുടുംബശ്രീ സംരംഭ ഗ്രൂപ്പുകൾ ഉന്നയിക്കുന്ന പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

4. എംപാനൽ ചെയ്ത ഏജൻസികളുടെ വിശദാംശങ്ങൾ, അതാത് സമയങ്ങളിൽ ശുചിത്വ മിഷൻ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

**III. കുടുംബശ്രീ മിഷൻ**

1. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഇനോക്കുല വിതരണചുമതലയുള്ള ഹരിത കർമ്മസേന കൺസോർഷ്യം / കുടുംബശ്രീ സംരംഭ യൂണിറ്റുകൾ ഇനോക്കുലം ഉല്പാദിപ്പിച്ച്

വിതരണം ചെയ്യുന്ന അംഗീകൃത ഏജൻസികളുമായി കരാർ വച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. ഹരിത കർമ്മസേന/ കുടുംബശ്രീ സംരംഭ ഗ്രൂപ്പകൾക്ക് നിശ്ചയിച്ച വിലകളിൽ നിന്നുകൊണ്ട് അനുബന്ധ ചെലവുകൾക്കാവശ്യമായ ചെലവുതുക, മാർജിനൽ പ്രോഫിറ്റ് എന്നിവ കൂടി ഉൾപ്പെടുത്തി വിൽപന നടത്തേണ്ട തുക നിശ്ചയിക്കാവുന്നതാണ്.

3. ഉപഭോക്താക്കൾക്ക് ഇനോക്കുലം വിതരണം ചെയ്ത ശേഷം അവരിൽ നിന്നും ഈടാക്കുന്ന വിലയിൽ നിന്ന് ഇനോക്കുലം പർച്ചേഴ്സ് ചെയ്ത സ്ഥാപനത്തിന് കരാർ പ്രകാരമുള്ള തുക കൈമാറേണ്ടതാണ്.

4. കുടുംബശ്രീ മുഖാന്തിരം വിതരണം ചെയ്യുന്ന ഇനോക്കുലത്തിന്റെ റാൻഡം സാമ്പിൾ ശേഖരിച്ച് കുടുംബശ്രീ ഗുണനിലവാര പരിശോധന നടത്തേണ്ടതാണ്.

5. ഹരിത കർമ്മസേന/ കുടുംബശ്രീ സംരംഭ ഗ്രൂപ്പകൾക്ക് അംഗീകൃത സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇനോകുലം നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കണം.

6. ഹരിത കർമ്മ സേന അംഗങ്ങൾ/ കുടുംബശ്രീ സംരംഭകർ ഇനോക്കുലം ഉല്പാദനത്തിൽ ഏർപ്പെടുന്നുണ്ടെങ്കിൽ അവർക്കും ഗുണനിലവാരം സംബന്ധിച്ച് ശുചിത്വ മിഷൻ ഏർപ്പെടുത്തുന്ന മാനദണ്ഡങ്ങൾ ബാധകമായിരിക്കും.

7. ഇനോക്കുലത്തിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ആക്ഷേപം ഉള്ള പക്ഷം ആയത് ശുചിത്വ മിഷനെ യഥാസമയം അറിയിക്കേണ്ടതാണ്.

8. ഹരിത കർമ്മസേന/കുടുംബശ്രീ സംരംഭ ഗ്രൂപ്പുകൾ വിതരണം ഏറ്റെടുക്കുന്ന സാഹചര്യത്തിൽ അവരുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കേണ്ടതുമാണ്.

9. വിതരണം നടത്തുന്ന ഇനോക്കുലത്തിന്റെ അളവ് സംബന്ധിച്ച വിവരങ്ങൾ (വിതരണം ചെയ്ത ഗുണഭോക്താക്കളുടെ വിവരം, വിൽപന നടത്തിയ ഇനോക്കുലത്തിന്റെ അളവ്, ഇനോക്കുലം ലഭ്യമാക്കിയ ഏജൻസികളുടെ വിവരം) 6 മാസത്തിലൊരിക്കൽ ശുചിത്വ മിഷനിൽ ലഭ്യമാക്കേണ്ടതാണ്.

**IV . ഇനോക്കുലം ഗുണഭോക്താക്കൾക്ക് എത്തിക്കുന്ന ഹരിത കർമ്മസേന / കുടുംബശ്രീ സംരംഭ ഗ്രൂപ്പ് / L S G നിയോഗിക്കുന്ന അംഗീകൃത ഏജൻസി**

1. ഓരോ വീട്ടിലും സ്ഥാപനത്തിലും ആവശ്യമായ ഇനോക്കുലം യഥാസമയം എത്തിക്കുക

2. ഓരോ മാസവും വേണ്ടി വരുന്ന ഇനോക്കുലത്തിന്റെ അളവ് കൃത്യമായി ശേഖരിച്ച് ആവശ്യത്തിനുള്ള അളവ് പ്രകാരം ഇനോക്കുലം വിതരണം ചെയ്യാൻ കരാർ വച്ച ഏജൻസിക്ക് ഓർഡർ നൽകുക.

3. ഇനോക്കുലത്തിന്റെ കരാർ പ്രകാരമുള്ള വില മുടക്കം കൂടാതെ ഏജൻസിക്ക് നൽകുക.

4. ഗുണഭോക്താക്കളിൽ നിന്നും ഇനോക്കുലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച അഭിപ്രായം ശേഖരിച്ച് ഏജൻസിക്ക് കൃത്യമായി നൽകുക.

5. ഇനോക്കുലത്തിന്റെ ഉപയോഗ കാലാവധി നോക്കി മാത്രം സ്റ്റോക്ക് എടുക്കലും വിതരണവും നടത്തുക.

6. ഗുണനിലവാരം ഉറപ്പാക്കാത്ത ഇനോക്കുലം വിതരണം ചെയ്യാതിരിക്കുക.

7. ഇനോക്കുലം ഗുണഭോക്താവിന്റെ പരാതികൾ യഥാസമയം പരിഹരിക്കുക.

V. **ഇനോക്കുലം നിർമ്മാണ - വിതരണ ഏജൻസികൾ**

1. എംപാനൽമെന്റിനായി ശുചിത്വ മിഷനിൽ സമർപ്പിച്ച ഗുണനിലവാര പരിശോധന റിപ്പോർട്ട് പ്രകാരമുള്ള അതേ ഉൽപ്പന്നങ്ങൾ മാത്രമേ വിപണിയിൽ ലഭ്യമാക്കുവാൻ പാടുള്ളൂ.

2. ഏജൻസികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ ഹരിത കർമ്മസേന/കുടുംബശ്രീ ഗ്രൂപ്പുകൾക്കോ ഇനോക്കുലം വിതരണം ചെയ്യുമ്പോൾ മൂന്ന് മാസത്തെ ക്രെഡിറ്റ് അനുവദിക്കേണ്ടതാണ്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ ശുചിത്വ മിഷൻ/ കുടുംബശ്രീ മുഖാന്തിരം ഏജൻസികൾ വിതരണം ചെയ്യുന്ന ഇനോക്കുലത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി അവരുമായി സഹകരിക്കേണ്ടതും ആയതുമായി ബന്ധപ്പെട്ട ചെലവുകൾ ബന്ധപ്പെട്ട ഏജൻസി വഹിക്കേണ്ടതുമാണ്.

4. ഏജൻസികൾ ഹരിത കർമ്മസേന/കുടുംബശ്രീ ഗ്രൂപ്പുകൾക്കോ ഇനോക്കുലം വിതരണം ചെയ്യുമ്പോൾ വിലയിൽ ആകർഷകമായ മാർജിൻ വിതരണ ഏജൻസിക്ക് ലഭ്യമാക്കത്തക്ക രീതിയിൽ ഇനോക്കുലം ലഭ്യമാക്കേണ്ടതാണ്.

5. ഏജൻസികൾ ഹരിത കർമ്മസേന/കുടുംബശ്രീ ഗ്രൂപ്പുകൾക്കോ ഇനോക്കുലം വിതരണം ചെയ്യുമ്പോൾ കേരളത്തിലുടനീളം 3 മാസത്തെ അഡ്വാൻസ് ക്രെഡിറ്റ് വ്യവസ്ഥയിൽ ആവശ്യാനുസരണം ഇനോക്കുലം വിതരണത്തിനായി എത്തിച്ചു നൽകേണ്ടതാണ്.

6. കുടുംബശ്രീ യൂണിറ്റുകളുടെ കൈവശമുള്ള ഇനോക്കുലത്തിന്റെ ഷെൽഫ് ലൈഫ് തീരുന്ന മുറയ്ക്ക് അതാത് ഏജൻസികൾ തിരികെ എടുക്കേണ്ടതും പകരം ആവശ്യാനുസരണം ഇനോക്കുലം ലഭ്യമാക്കേണ്ടതുമാണ്.

7. വിതരണം നടത്തുന്ന ഇനോക്കുലത്തിന്റെ അളവ് സംബന്ധിച്ച വിവരങ്ങൾ (വിതരണം ചെയ്ത ഗുണഭോക്താക്കളുടെ വിവരം, വിൽപന നടത്തിയ ഇനോക്കുലത്തിന്റെ അളവ്) 6 മാസത്തിലൊരിക്കൽ ശുചിത്വ മിഷനിൽ ലഭ്യമാക്കേണ്ടതാണ്.